**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ച സ്മാർട്ട് വില്ലേജ് ഓഫീസുകൾ എത്ര; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് 40 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഇതിനു പുറമേ നേരത്തെ ഭരണാനുമതി നൽകിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനം അതിവേഗത്തിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏറനാട് മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജാഫീസുകളാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആകുന്നത് മൂലം പൊതുജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ? | (സി) | ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസ് എന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.<br><br>പ്രസ്തുത സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, |

| | | | |
|---|---|---|---|
| | | | സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പദ്ധതി 2021-22 - സ്മാർട്ട് വില്ലേജ് ഓഫീസുകൾ

| ക്രമ നം. | ജില്ല | സ്മാർട്ട് വില്ലേജ് ഓഫീസ് |
|---|---|---|
| 1 | തിരുവനന്തപുരം | വട്ടപ്പാറ |
| 2 | | നെയ്യാറ്റിൻകര |
| 3 | | മേൽതോന്നയ്ക്കൽ |
| 4 | കൊല്ലം | പന്മന |
| 5 | | പവിത്രേശ്വരം |
| 6 | | ഇടമുളയ്ക്കൽ |
| 7 | | ശൂരനാട് സൗത്ത് |
| 8 | | നിലമേൽ |
| 9 | | പെരിനാട് |
| 10 | പത്തനംതിട്ട | കുന്നംന്താനം |
| 11 | | പെരിങ്ങനാട് |
| 12 | ആലപ്പുഴ | മുട്ടാർ |
| 13 | | പുതുപ്പള്ളി |
| 14 | | കൈനകരി നോർത്ത് |
| 15 | കോട്ടയം | കുരോപ്പട |
| 16 | | എരുമേലി തെക്ക് |
| 17 | എറണാകുളം | അറക്കപ്പടി |
| 18 | | കുന്നുകര |
| 19 | | വടക്കേക്കര |
| 20 | തൃശ്ശൂർ | ഇരിങ്ങാലക്കുട |
| 21 | | ഇഞ്ചമുടി |
| 22 | | മാന്ദാമംഗലം |
| 23 | | വടക്കുംകര |
| 24 | | മാടക്കത്തറ |
| 25 | | എങ്കക്കാട്-കരുമത്ര-വിരുപ്പാക്ക ഗ്രൂപ്പ് വില്ലേജ് |
| 26 | | മുളയം |
| 27 | പാലക്കാട് | ചാലിശ്ശേരി |
| 28 | | ഷൊർണ്ണൂർ-1 |

| | | |
|---|---|---|
| 29 | കോഴിക്കോട് | കസബ |
| 30 | | ഉള്ളിയേരി |
| 31 | | ബേപ്പൂർ |
| 32 | | ഇരിങ്ങൽ |
| 33 | | മരുതോങ്കര |
| 34 | | ചെലവൂർ |
| 35 | കണ്ണൂർ | ചിറയ്ക്കൽ |
| 36 | | മൊറാഴ |
| 37 | | കതിരൂർ |
| 38 | മലപ്പുറം | പൊൻമള |
| 39 | കാസർഗോഡ് | പാടി |
| 40 | | കയ്യൂർ |